(സി) മേൽ സൂചിപ്പിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ ആധാരമാക്കി പുതിയ ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കുമ്പോൾ നിലവിലുള്ള ദാരിദ്ര്യരേഖാ ലിസ്റ്റിലെ കുടുംബങ്ങളുടെ എണ്ണത്തേക്കാൾ ഗണ്യമായ കുറവ് സംഭവിക്കുന്നതാണ്. ഇതുമൂലം സംസ്ഥാനത്തിന് ഉണ്ടാകുന്ന ബുദ്ധിമുട്ട് നിരന്തരമായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

ബി.പി.എൽ. ലിസ്റ്റ്

125 [688] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര കുടുംബങ്ങളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ലിസ്റ്റിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ബി.പി.എൽ. ലിസ്റ്റ് പുതുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് എപ്രകാരമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 17.23 ലക്ഷം കുടുംബങ്ങളാണുള്ളത്.

(ബി) പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യരേഖാ സെൻസസ്സ് നടത്തുന്നത് സംബന്ധിച്ച് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി 2003 മേയ്, ജൂൺ മാസങ്ങളിൽ സംസ്ഥാനത്ത് ദാരിദ്ര്യരേഖാ സെൻസസ്സ് നടത്തിയിരുന്നു. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് ആധാരമാക്കേണ്ടത് കുടുംബങ്ങളുടെ ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന 13 സൂചകങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു:

ദാരിദ്ര്യരേഖാ സെൻസസ്സ് നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫോറത്തിൽ ദാരിദ്ര്യം നിർണ്ണയിക്കുന്നതിന് കുടുംബത്തിന്റെ ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ 13 സൂചകങ്ങൾ നൽകിയിട്ടുണ്ട്. ഓരോ സൂചകത്തിന്മേലും 0, 1, 2, 3, 4 എന്നിങ്ങനെ അഞ്ച് സ്കോർ നൽകുന്നതിന് വ്യവസ്ഥയുണ്ട്. കുടുംബത്തിന്റെ സ്ഥിതി അനുസരിച്ച് ഓരോ സൂചകത്തിന്മേലും ഏറ്റവും അനുയോജ്യമായ സ്കോർ നൽകേണ്ടതാണ്. ഓരോ കുടുംബത്തിനും 13 സൂചകങ്ങളിലുമായി ലഭിക്കുന്ന ആകെ സ്കോർ കണക്കാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ കുടുംബത്തിന്റെയും സ്ഥാനം ആരോഹണക്രമത്തിൽ നിശ്ചയിക്കേണ്ടതുമാണ്. ഓരോ സംസ്ഥാനത്തും ദാരിദ്ര്യരേഖാ സെൻസസ്സിലൂടെ കണ്ടെത്തുന്ന പാവപ്പെട്ട ആളുകളുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999-2000-ൽ തിട്ടപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ പാവപ്പെട്ട ആളുകളുടെ എണ്ണമോ അല്ലെങ്കിൽ ഈ എണ്ണത്തിൽ പ്ലാനിംഗ് കമ്മീഷൻ വരുത്തിയ നീക്കിപോക്ക് അനുസരിച്ചുള്ള കണക്കോ (No. of persons as per the \adjusted share computed by Planning Commission) അതിൽ കൂടുതൽ ആകാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം കണക്കിലെടുത്തുവേണം സംസ്ഥാനങ്ങൾ ദാരിദ്ര്യരേഖയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിനുള്ള കുറഞ്ഞ സ്കോർ (Cut off scores) നിശ്ചയിക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 13 സൂചകങ്ങളിലുമായി ഓരോ കുടുംബത്തിനും ലഭിക്കുന്ന സ്കോർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് സംസ്ഥാനങ്ങൾ നിശ്ചയിക്കുന്ന കുറഞ്ഞ സ്കോർ എന്നിവയെ അടിസ്ഥാനമാക്കിയാണ് ദാരിദ്ര്യ കുടുംബങ്ങളെ നിർണ്ണയിക്കേണ്ടത്.

ദാരിദ്ര്യരേഖാ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.

ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

126 [689] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ കണ്ടെത്തുന്നതിനായി അവസാനമായി സർവ്വേ നടത്തിയത് എന്നായിരുന്നുവെന്നും പ്രസ്തുത സർവ്വേയിൽ സംസ്ഥാനത്താകമാനം ദാരിദ്ര്യരേഖയ്ക്ക് കീഴിൽ എത്ര കുടുംബങ്ങളുണ്ടായിരുന്നു വെന്നും വ്യക്തമാക്കാമോ;

(ബി) അർഹരായ അനവധി കുടുംബങ്ങൾക്ക് ബി.പി.എൽ. വിഭാഗത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ;

(സി) ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ഡി) ഇപ്പോഴത്തെ കണക്കനുസരിച്ച് സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പ് ഗ്രാമപ്രദേശങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിന് അവസാനമായി സെൻസസ്സ് നടത്തിയത് 2003 മേയ്, ജൂൺ മാസങ്ങളിലാണ്. ഈ സെൻസസ്സ് അനുസരിച്ചുള്ള കുടുംബങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) അർഹരായ നിരവധി കുടുംബങ്ങൾ ബി.പി.എൽ. ലിസ്റ്റിൽപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പുതിയ ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് ആധാരമാക്കേണ്ടത് കുടുംബങ്ങളുടെ ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന 13 സൂചകങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കും പ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly